## DIET MALAPPURAM &VIJAYABHERI MALAPPURAM
### SSLC MODEL EXAMINATION , MARCH 2022
### FIRST LANGUAGE PAPER II (SET-1)

Time:1.1/2 hours Total score :40

==========================================================

**നിർദ്ദേശങ്ങൾ**

- 20 മിനിറ്റ് സമാശ്വാസ സമയമാണ്.ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സ്കോർ,സമയം എന്നിവ പരിഗണിക്കണം
- 1 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ലഭിക്കുക പരമാവധി 40 സ്കോർ ആയിരിക്കും

==========================================================

**I പാർട്ട് എ**

**(ഒന്നുമുതൽ ആറു വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക 1 സ്കോർ വീതം)**

1."ഭാവ ശാലികൾ പിരിഞ്ഞുകൂടിയാൽ
ഈവിധം വികലമാം സുഖോദയം" (പ്രിയദർശനം)

വളരെ കാലത്തിനുശേഷം കണ്ടുമുട്ടുന്ന സ്നേഹബദ്ധരുടെ സുഖോദയം വികലമായി തീരുമെന്ന് പറയാൻ കാരണമെന്ത്? 1

a. വികാരരവൈവശ്യം കൊണ്ട്
b. അതുവരെ അനുഭവിച്ച ദു:ഖം കൊണ്ട്
c. ഏകാന്തത കൊണ്ട്
d. മറ്റെയാൾക്ക് തന്നെ ഓർമ്മയുണ്ടാകുമോ എന്ന സംശയം കൊണ്ട്

2."കൊടുത്തത് മാത്രമെ നേടാനൊക്കൂ,അല്ലേ സുധീർ ? ഞാനാർക്കും ഒന്നും കൊടുത്തിട്ടില്ലല്ലോ." (വിശ്വരൂപം) ഈ വാക്കുകകളിൽ പ്രകടമാവുന്ന ഭാവമെന്ത് 1

a. സഹതാപം
b. അമർഷം
c. അപകർഷത
d. കുറ്റബോധം

3. "വീട്ടാത്ത കടങ്ങൾ പടച്ചവൻെറ സൂക്ഷിപ്പുകളാണ്," (കടൽത്തീരത്ത്)
ഈ വാക്കുകളിലൂടെ കഥാ കൃത്ത് വ്യക്തമാക്കുന്നതെന്താണ്? 1

a. വീട്ടാത്ത കടങ്ങൾ മാത്രം പടച്ചവൻ സൂക്ഷിക്കും
b. എല്ലാ കടങ്ങളും വീട്ടാൻ കഴിയില്ല
c. കടങ്ങളെല്ലാം പടച്ചവനാണ് സൂക്ഷിക്കുന്നത്
d. കടങ്ങൾ മനുഷ്യ സഹജമാണ്.

4.”സംസാരകാരിണിയായതവിദ്യയും" (ലക്ഷ്മണ സാന്ത്വനം)
ആശയത്തോട് യോജിക്കുന്ന വാക്യം ഏത് 1

a. ലൗകിക സുഖങ്ങൾ ഇല്ലാതാക്കുന്നത് വിദ്യയാണ്
b. ലൗകിക ജീവിത ദുഖങ്ങൾക്ക് കാരണം അവിദ്യയാണ്
c. ആളുകളുടെ സംസാരം നിയന്ത്രിക്കുന്നതവിദ്യയാണ്

d. അവിദ്യയാണ് മനുഷ്യന് നേട്ടങ്ങൾ നൽകുന്നത്.

5."എനിക്കതിനെ വിശ്വാസമില്ല .ഇത് ആര്യപുത്രൻ തന്നെ ധരിച്ചാൽ മതി." (ഋതുയോഗം) ശകുന്തള ഇങ്ങനെപറയാൻ കാരണമെന്ത്? 1

a. ആവശ്യസമയത്ത് ഉപകരിക്കാതെ വന്നതുകൊണ്ട്

b. കാട്ടിൽ വെച്ച് മുന്നേ നൽകിയതുകൊണ്ട്

c. മുനിമാർ കാണുമെന്ന ഭയംകൊണ്ട്

d. മകനെ പരിഗണിക്കുന്നതുകൊണ്ട്

6."ഗുരുഘ്നാതികൾക്കു കുലപാംസന,ലോകങ്ങളില്ല. " (യുദ്ധത്തിൻെറ പരിണാമം) ഈ ആശയവുമായി യോജിക്കാത്ത പ്രസ്താവന 1

a. ഗുരുഘ്നാതികൾക്കു മോക്ഷം ലഭിക്കില്ല

b. ഗുരുഘ്നാതികൾ ശാശ്വത ലോകങ്ങൾ നേടും

c. ഗുരുഘ്നാതികളെ ശസ്ത്രം കൊണ്ട് കൊല്ലരുത്

d. ഗുരുഘ്നാതികൾ വെറുക്കപ്പെടേണ്ടവരാണ്.

**പാർട്ട് ബി**

**(ഏഴുമുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക 1 സ്കോർ വീതം)**

7'വാത്സല്യാർദ്രം 'എന്ന പദത്തിൻെറ ശരിയായ വിഗ്രഹാർത്ഥം എഴുതുക 1

a. വാത്സല്യം കൊണ്ട് ആർദ്രം

b. വാത്സല്യത്താൽ ആർദ്രം

c. ആർദ്രമായ വാത്സല്യം

d. വാത്സല്യത്തിൻെറ ആർദ്രം

8."ശീതകാലത്തിൻെറ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന <u>ഒരു തീക്കനൽ</u> കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു."(ഉരുളക്കിഴങ്ങ് തിന്നുന്നവർ) അടിവരയിട്ട പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്ത് ? 1

a. തണുപ്പകറ്റാനായി തീകൂട്ടുന്നത്

b. മകൻെറ മരണമേൽപ്പിച്ച ആഘാതം

c. വീട്ടിൽ കത്തിച്ചുവെച്ച ഒറ്റ വിളക്ക്

d. ചുട്ടുപൊള്ളുന്ന വെയിലിൽ ഇറങ്ങിയത്

9.ദ്വിഗ്വിജയം എന്ന പദം പിരിച്ചെഴുതിയാൽ 1

a. ദിക്ക് +ജയം

b. ദിഗ്വി +ജയം

c. ദിക്+ വിജയം

d. ദിഗ് +വിജയം

**II പാർട്ട് എ**

**( ചോദ്യത്തിന് ഉത്തരം എഴുതുക 2 സ്കോർ)**

10."വേണ്ട സുധീർ വേണ്ട ഞാനൊരാശ്രിതയാവാൻ ആഗ്രഹിക്കുന്നില്ല." (വിശ്വരൂപം) സന്ദർഭത്തിൽ തെളിയുന്ന മാഡം തലത്തിൻെറ രണ്ട് വ്യക്തിത്വ സവിശേഷത കണ്ടെത്തി എഴുതുക 2

**പാർട്ട് ബി**

**(11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക 2 സ്കോർ വീതം)**

11.അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യങ്ങളാക്കുക
"അക്ഷന്തവ്യമായ കൃതഘ്നതയോടെ പെരുമാറിയ തൻെറ പുത്രനോട് ആ തള്ളക്ക് ഒട്ടും വിദ്വേഷമില്ലായിരുന്നു" (ഞാൻ കഥാകാരനായ കഥ) 2

12."നേടിയതാണവരോടു ഞാനെന്നിൽ
നാടുണർന്നോരു നാളീക്കുതിരയെ".(അശ്വമേധം)
വരികളുടെ രണ്ട് അർത്ഥ സൂചനകൾ എഴുതുക 2

**III പാർട്ട് എ**

**(13 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക .3 സ്കോർ വീതം)**

13."വൈരി വൈരസേനിക്കിഹ ഞാൻ കലി
തവ ഞാൻ മിത്രം"(പ്രലോഭനം)
കലി തന്നെയിങ്ങനെ പരിചയപ്പെടുത്തുന്നതിൻെറ ഉദ്ദേശ്യം എന്ത്.? 3

14."വെള്ളായിച്ചോ"- അവൾ പറഞ്ഞു.അത്രമാത്രം.
"നീലിയേ"-വെള്ളായിയപ്പൻ പറഞ്ഞു .അത്രമാത്രം. (കടൽത്തീരത്ത്)
അർത്ഥപൂർണങ്ങളായ മൗനങ്ങളാണ് കടൽത്തീരത്ത് എന്ന കഥയുടെ ജീവതന്തു . വിശദീകരിക്കുക 3

15."അതിനെ .അവനെ ,എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ് ,അശ്വത്ഥാമാവിനെ ചിരംജീവിയും സർവ്വവ്യാപിയുമായി കൽപ്പിച്ചതിനർത്ഥം."(യുദ്ധത്തിൻെറ പരിണാമം)
ഈ പ്രസ്താവനയെ സമകാലീന സംഭവങ്ങളുമായി ബന്ധിപ്പിച്ച് വിശദമാക്കുക 3

16."ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പ പരിപാടലം മുഖം
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർ സുമോപമം"
വരികളിലെ ചമത്ക്കാര ഭംഗി കണ്ടെത്തി എഴുതുക 3

**പാർട്ട് ബി**

**(ചോദ്യത്തിന് ഉത്തരമെഴുതുക 3 സ്കോർ)**

17."ഒടുവിൽ കുരിശ്ശിൽ നി-
ന്നിറക്കീ ജഡം!-താഴെ
യൊരു ദുഖത്തിൻ സൂര്യ -
ശിലയായ് തീർന്നോരമ്മ" (മൈക്കലാഞ്ജലോ മാപ്പ്)
സൂര്യശില എന്ന പ്രയോഗം കാവ്യ സന്ദർഭത്തിന് നൽകുന്ന ഭാവഭംഗി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക 3

**IV പാർട്ട് എ**

**(18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക 4 സ്കോർ വീതം)**

18."പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയ സംഗമം." (ലക്ഷമണ സാന്ത്വനം)

വരികളിലെ തത്വചിന്ത വിശകലനം ചെയ്ത് കറിപ്പെഴുതുക 4

19."മാഡം തലത്ത് മരിച്ചുപോയി മോനേ.ഡോക്ടർ തലത്തിനൊപ്പം അവരും പോയി.ഇത് അമ്മയാണ് ;താഴത്ത് കുഞ്ഞുക്കുട്ടിയമ്മ." (വിശ്വരൂപം)
ഈ വാക്കുകൾ മാഡം തലത്തിൻെറ ജീവിതത്തെകുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം.?വിശദമാക്കുക 4

20."പരലോകത്ത് വെച്ച് ഇഹലോക കർമ്മങ്ങളെ വിചാരണക്കെടുമ്പോളത്തെ തുളഞ്ഞ് കയറുന്നതും ഭയം ജനിപ്പിക്കുന്നതുമായ കാഹള ശബ്ദംപോലെ തിരികുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലലച്ചു." (പാവങ്ങൾ)
ഴാങ് വാൽ ഴാങിൻെറ മാനസികാവസ്ഥ പ്രതിഫലിപ്പിക്കാൻ ഈ വരികൾ ക്കെത്രമാത്രം കഴിയുന്നുണ്ട്.? 4

**പാർട്ട് ബി**

**(21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക 4 സ്കോർ )**

21."ജീവിതം നൽകാൻ മടിക്കുന്നതൊക്കെയും
ജീവിച്ചു ജീവിതത്തോടുഞാൻ നേടും" (ചങ്ങമ്പുഴ)

വരികളിലെ ആശയം മുൻനിർത്തി ലിംബാളെയുടെ ജീവിത സാഹചര്യങ്ങൾ വിലയിരുത്തി എഴുതുക 4

22."ഈശ്വരനല്ല,മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണുഞാൻ" (അശ്വമേധം)

കവിയുടെ ജീവിതദർശനം സമകാലിക ലോകത്തിൽ എത്രമാത്രം പ്രസക്തമാണ് ? കണ്ടെത്തി എഴുതുക. 4

**V പാർട്ട് എ**

**( 23-24 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.5 സ്കോർ )**

23. "അപരിചിതരുടെ സംഭാഷണം ഒരു കൊലക്കയർ പോലെ വെള്ളായിയപ്പനെ ചുറ്റിമുറുക്കി".
"എൻെറ കുട്ടി ഇബ്ടെ ഇണ്ടു".
"യജമാനൻമാരേ എൻെറകൈയിൽ പണമില്ല."
"ഒരുപേറ്റിച്ചിയെപോലെ തൻെറ മകൻെറ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി. (കടൽത്തീരത്ത്)
സൂചനകളും കഥാസന്ദർഭവും വിലയിരുത്തി വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക 5

24."അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ" (പ്രിയദർശനം)

കുമാരനാശാൻ മുന്നോട്ടുവെക്കുന്ന ജീവിതദർശനത്തിൻെറ കാലിക പ്രസക്തി വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

**DIET MALAPPURAM & VIJAYABHERI MALAPPURAM**

**SSLC MODEL EXAMINATION , MARCH 2022**

**MALAYALAM**

**FIRST LANGUAGE PAPER II (SET 1)**

Time: 1.5 Hrs Total Score: 40

==========================================================================

**നിർദ്ദേശങ്ങൾ**

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം
- 1 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ലഭിക്കുക പരമാവധി 40 സ്കോർ ആയിരിക്കും

==========================================================================

## I പാർട്ട് എ

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക 1 സ്കോർ വീതം**

1.കൈച്ചുള്ളികൾ വിഗ്രഹിച്ചെഴുതിയാൽ 1

a. കൈകൾ കൊണ്ടുള്ള ചുള്ളികൾ
b. കൈകളാകുന്ന ചുള്ളികൾ
c. കൈകളും ചുള്ളികളും
d. കൈകൾ എന്ന ചുള്ളികൾ

2."ഇത് കഞ്ഞി കുടിക്കുന്നെന്ന ബാവമേയുള്ളു 1
അല്ലെടീ ഏൻ കുടിക്കുവാ........" (പ്ലാവിലക്കഞ്ഞി)
വരികളിൽ തെളിയുന്ന ഭാവമെന്ത്?

a. വാത്സല്യം
b. നിരാശ
c. കോപം
d. ദു:ഖം

3."ഞാൻ പറയും <u>പോയീന്ന്</u> .പോയില്ലാന്ന് എനിക്കല്ലേ അറിയൂ ". (ഓരോ വിളിയും കാത്ത്)
അടിവരയിട്ട പദത്തിന്റെ സൂചനയെന്ത്? 1

a. യാത്ര
b. മരണം
c. തിരിച്ചുപോക്ക്
d. തിരിച്ചുവരവ്

4.'മലരിൻകൂട നിറച്ചുവിറച്ചുനിൽക്കുന്നത് ' (ഓണമുറ്റത്ത്) 1

a. ആമ്പൽ
b. മുക്കുറ്റി
c. തുമ്പ
d. കമുകിൻ പൂവ്

5.കോഴിയും കിഴവിയും എന്ന കഥയിലെ മത്തായിയുടെ സ്വഭാവത്തെ സൂചിപ്പിക്കുന്ന പഴഞ്ചൊല്ല് 1

a. മിന്നുന്നതെല്ലാം പൊന്നല്ല
b. ഗതികെട്ടാൽ പുലി പുല്ലും തിന്നും
c. പാലുകൊടുത്ത കൈയ്ക്ക് കടിക്കുക
d.താണ നിലത്തേ നീരോടൂ.

6.മാതൃക പോലെ എഴുതുക 1

നെൽപ്പുര_ നെല്ല് + പുര

കാൽച്ചുവട്....................

a. കാല് +ചുവട്

b. കാൽ +ചുവട്

c. കാലിൻ +ചുവട്

d. കാല് +ച്ചുവട്

**പാർട്ട് ബി**

**7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.1 സ്കോർ വീതം**

7.'ബയണറ്റിനെക്കാൾ നെപ്പോളിയൻ പേടിക്കുന്നത് .............' (പത്രനീതി) 1

a. ആയുധത്തിനെ

b. യുദ്ധത്തിന്റെ ഓർമ്മകളെ

c. പത്രങ്ങളെ

d. സാഹിത്യത്തിനെ

8.'അമ്മതൻ ചിൻമുദ്രയാണീയെഴുത്തുകൾ..' (അമ്മയുടെ എഴുത്തുകൾ)

ചിൻമുദ്ര എന്ന് വിശേഷിപ്പിക്കുന്നത്. 1

a. സംഗീതത്തിനെ

b. ഓർമ്മകളെ

c. മാതൃഭാഷയെ

d. കവിതയെ

9.ചാക്കുണ്ണിയെ സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവന (പണയം) 1

a. റേഡിയോ ഒരു സ്വപ്നമായിരുന്നു

b. റേഡിയോ സ്വന്തമാക്കിയതിൽ അഭിമാനിക്കുന്നു

c. ജോലിയിൽ ശ്രദ്ധകുറഞ്ഞതിനാൽ റേഡിയോ ഉപേക്ഷിച്ചു

d. മകൻെറ ചികിത്സക്കായി റേഡിയോ പണയം വെച്ചു

**II പാർട്ട് എ**

**(ചോദ്യത്തിന് ഉത്തരം എഴുതുക 2 സ്കോർ)**

10.അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യങ്ങളാക്കുക 2

"കൈനകരി മുഴുവൻ രാത്രിയിൽ ഊന്നി നടന്നപ്പോൾ രാത്രിയുടെ ഇരുട്ടിൽ നടക്കുന്ന ചില വൻ വ്യാപാരങ്ങൾ കോരൻ കണ്ടു.

**പാർട്ട് ബി**

**(11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക 2 സ്കോർ വീതം)**

11."ബഹുലക്ഷം ജനങ്ങളുടെ അന്ധകാര ജീവിതത്തിൽ പ്രകാശം പരത്തി ,അവരെ സ്വാതന്ത്ര്യ ബോധമുള്ള മനുഷ്യരാക്കി." (ശ്രീനാരായണഗുരു)

വാക്യത്തിൽ തെളിയുന്ന സാമൂഹികാവസ്ഥയെക്കുറിച്ചുള്ള രണ്ട് സൂചനകൾ കണ്ടെത്തി എഴുതുക 2

12.അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം കണ്ടെത്തുക 2

നൂലുകോർത്ത് കുഴിഞ്ഞുപോയ കണ്ണുകൾ

മരംവീണ് കുഴിഞ്ഞുപോയ നിലം

**III പാർട്ട് എ**
**(13 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക 3 സ്കോർ വീതം)**

13."എങ്ങുമുറങ്ങാതെമ്പാടും വയ- 3
ലേലകൾ തോറും നടുവിൽ പൊൽക്കിഴി-
യെരിയും വെള്ളിത്താലമെടുത്തു നി-
രന്നു ലസിപ്പൂ നെയ്യാമ്പലുകൾ " (ഓണമുറ്റത്ത്)
വരികളിലെ കാവ്യഭംഗി കണ്ടെത്തി കുറിപ്പുതയ്യാറാക്കുക

14.'കൊച്ചു ചക്കരച്ചി വീഴില്ല ,വീണാലും അവൾ ആപത്ത് വരുത്തുകയില്ല എന്ന ഉറച്ച നിലയായിരുന്നു അമ്മക്ക് ' (കൊച്ചുച്ചക്കരച്ചി)
പാഠഭാഗത്തിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് അമ്മയും കൊച്ചുചക്കരച്ചിയയും തമ്മിലുള്ള ആത്മബന്ധം വിശകലനം ചെയ്ത് കുറിപ്പുതയ്യാറാക്കുക 3

15 "പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ-
രൂറ്റം കുരച്ചത് ചാടിക്കുതിക്കുന്നു."
ഈ വരികളിൽ തെളിയുന്ന സാമൂഹിക വിമർശനം എന്തെല്ലാം? 3

16."ഒരു ചട്ടിയുടെ ഇരു വശത്തുമായി ഭാര്യയും ഭർത്താവും ഇരുന്നു.അടുപ്പിലെ എരിതീയുടെ 3 വെളിച്ചത്തിൽ അവർ കഞ്ഞി കുടിച്ചുതുടങ്ങി."
ദാരിദ്ര്യത്തെപ്പോലും അതിജീവിക്കുന്ന സ്നേഹബന്ധമാണ് പ്ലാവിലക്കഞ്ഞിയിലുള്ളത്. സ്വാഭിപ്രായം എഴുതുക

**പാർട്ട് ബി**
**(ചോദ്യത്തിന് ഉത്തരമെഴുതുക 3 സ്കോർ)**

17."ഇതൊക്കെ കുട്ട്യോളെ പോലെ നോക്കേണ്ട സാധനങ്ങളാണേ,റേഡിയോയുടെ പിന്നില് നോക്ക്യാ അറിയാം ,ഒരു കുട്ടീടെ പടം" (പണയം)
റേഡിയോ ഈ കഥയിലെ പ്രധാന കഥാപാത്രമാണ് .മറ്റ് സന്ദർഭങ്ങൾ കൂടി പരിഗണിച്ച് വിശകലനക്കുറിപ്പ് തയ്യാറാക്കുക 3

**IV പാർട്ട് എ**
**(18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക 4 സ്കോർ വീതം)**

18."അച്ഛന്റെ മരണത്തോടുകൂടി വീട്ടിൽ നിന്ന് എന്തെല്ലാമോ ചോർന്ന് പോയതുപോലെ "
"ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു"(ഓരോ വിളിയും കാത്ത്)
ഇത്തരം പ്രയോഗങ്ങൾ കഥയുടെ ഭാവതലത്തെ തീവ്രമാക്കുന്നില്ലേ? കൂടുതൽ സന്ദർഭങ്ങൾ പരിഗണിച്ച് കുറിപ്പെഴുതുക 4

19."എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി-
കെട്ടുകരിന്തിരിയാളും വരെയവർ " (അമ്മത്തൊട്ടിൽ)
"ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ " (ഓരോ വിളിയും കാത്ത്)
രണ്ടു രചനകളിലേയും മക്കളുടെ സമീപനം ഒന്നാണോ? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക 4

20."മഴകൊണ്ടാലും പാവം തുമ്പകൾ
മലരിൻ കൂടനിറച്ചുവിറച്ചേ
നിൽക്കുകയല്ലോ മേടുകൾ തോറും " (ഓണമുറ്റത്ത്)
മാവേലിയെ വരവേൽക്കാൻ പ്രകൃതി ഒരുങ്ങി നിൽക്കുന്നതിന്റെ ദൃശ്യങ്ങൾ എങ്ങനെയെല്ലാമാണ് കവി ആവിഷ്ക്കരിച്ചിരിക്കുന്നത്.വിശദമാക്കുക 4

**പാർട്ട് ബി**
**(21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക**
**4 സ്കോർ )**

21."ജാതിമതഭേദങ്ങൾക്കപ്പുറത്ത് മനുഷ്യനെ മനുഷ്യനായിക്കാണാൻ ലോകത്തെ പഠിപ്പിച്ച മഹാനാണ് ശ്രീനാരായണഗുരു "

പ്രസ്താവന വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക

22.”പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു ”

പത്രമാധ്യമങ്ങളെക്കുറിച്ചുള്ള ലേഖകൻെറ നിരീക്ഷണങ്ങളോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം യുക്തിപൂർവ്വം സമർത്ഥിക്കുക.

**V പാർട്ട് എ**
**( 23-24 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.5 സ്കോർ )**

23.”ഞാനെങ്ങന്യാ മോനേ വര്വാ?അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ...ഇന്നലേംവിളിച്ചു.വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വച്ചാൽ.....”

(ഓരോ വിളിയും കാത്ത്)

കൂടുതൽ സന്ദർഭങ്ങൾ പരിഗണിച്ച് അമ്മ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക

24.”അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ടു ദെവസം പത്തായി.കപ്പ തന്നെ കപ്പ!. അതാ ഈവെളർച്ച. അവടെങ്ങും നെല്ല് കണി കാണാനില്ല. ഒള്ളോൻ വെളീ കാണിക്കത്തില്ല. രാത്രീല് ഏഴ് രൂപയാ വെല...”(പ്ലാവിലക്കഞ്ഞി)

കർഷകരുടെ ജീവിതയാഥാർത്ഥ്യങ്ങൾ പച്ചയായി ആവിഷ്ക്കരിക്കുന്ന നോവലാണ് 'രണ്ടിടങ്ങഴി'.പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗം പരിഗണിച്ച് അക്കാലത്തെ സാമൂഹികാവസ്ഥയെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക

******************